## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1129 — 03/12/2015-ൽ മറുപടിക്ക്

### സമഗ്ര വിദ്യാഭ്യാസ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സമഗ്ര വിദ്യഭ്യാസ പദ്ധതി എത്ര നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കി വരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കാൻ 57 അസംബ്ലി നിയോജകമണ്ഡലങ്ങളിൽ അനുമതി നൽകിയിട്ടുണ്ട്. അതിൽ 9 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ആശയരൂപീകരണവും 6 അസംബ്ലി നിയോജകമണ്ഡലങ്ങളിൽ പ്രോജക്ട് തയ്യാറാക്കലും, 40 അസംബ്ലി നിയോജകമണ്ഡലങ്ങളിൽ ആശയ രൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, എന്നിവയും പ്രൈമറിതലം മുതൽ ഹയർ സെക്കന്ററിതലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച മാനേജ്മെന്റ് പരിശീലനവും സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കി കഴിഞ്ഞു. |
| (ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) പദ്ധതിയുടെ നടത്തിപ്പിനായി സീമാറ്റ്- കേരളയുടെ നേതൃത്വത്തിൽ സമഗ്രവിദ്യാഭ്യാസപദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആശയരൂപീകരണം, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രോജക്ട് തയ്യാറാക്കൽ, നിയോജകമണ്ഡലത്തിലെ പ്രൈമറിതലം മുതൽ ഹയർസെക്കന്ററി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്രവിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ നടത്തിവരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (സി) | പ്രസ്തുത പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. എം.എൽ.എ മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ/ എസ്.എസ്.എ ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധസംഘടനകൾ എന്നീ ധനസ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിവരുന്നത്. |

Sreedevi

സെക്ഷൻ ഓഫീസർ